# ഗ്രാമജ്യോതി

GRAMAJYOTHI  ग्रामजोती

E-mail : gramajyothitdpa@gmail.com

RNI No. KERMAL 32852/2010
Postal Reg. No. KL/IDK/18/12-14
Member : ILNA

2013 NOVEMBER 1-15 : VOL : 4, ISSUE 18 Pages 4 ( Annual subscription : Rs. 100 )



**ഗ്രാമജ്യോതി വാർത്തകൾ ഇനിമുതൽ നിങ്ങളുടെ മൊബൈലിലും**

ഓൺലൈൻ ചാനലിൽ നിങ്ങളുടെ മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യൂ..

2014 ജനുവരി 1 മുതൽ വാർത്തകൾ മൊബൈലിൽ എസ് എംഎസ് ലഭിക്കും

ഗ്രാമജ്യോതിയുടെ പുതുവത്സര സമ്മാനം !

Daily Online Channel : www.gramajyothi.com


### മാധ്യമങ്ങൾക്ക് പിടികൊടുക്കാതെ തലസ്ഥാനത്ത് കൂടിക്കാഴ്ചകൾ

# പിണറായി നീട്ടിയെറിഞ്ഞാൽ ഉമ്മൻചാണ്ടി വീഴും !

**ആർ. രാജേന്ദ്രൻ**

* ഇടഞ്ഞു നിൽക്കുന്ന ജോസഫ് ഗ്രൂപ്പിനെ അടർത്താൻ നീക്കം
* വി എസ് പാർട്ടിയ്ക്ക് പൂർണ്ണമായി കീഴ്പ്പെട്ട് കഴിഞ്ഞെന്ന് ഔദ്യോഗികപക്ഷം
* ലാവ്‌ലിൻ വിധിയിൽ ഉമ്മൻചാണ്ടിയുടെയും വി എസ് ന്റെയും നെഞ്ചിടിപ്പേറുന്നു
* വകുപ്പ് കാര്യങ്ങളിൽ ഉമ്മൻചാണ്ടിയുടെയത്ര സ്വീകാര്യത ഘടക കക്ഷികൾക്ക് പിണറായിയിൽ നിന്ന് ലഭിച്ചേക്കില്ലെന്നും ആശങ്ക !







തിരുവനന്തപുരം : ഉമ്മൻചാണ്ടി സർക്കാർ വീഴുമോ ? പിണറായി വിജയൻ വീഴ്ത്താൻ തീരുമാനിച്ചാൽ വീഴും എന്നതാണ് സത്യം. വിജയൻ വിളിച്ചാൽ പോരാൻ മനസ്സുമായി കഴിയുകയാണ് കോൺഗ്രസ്സും ലീഗും ഒഴികെയുള്ള എല്ലാ കക്ഷികളും. അൽപ്പമെങ്കിലും പ്രശ്നമുള്ളത് കേരള കോൺഗ്രസിൽ മാത്രമാണ്. ലാവ്‌ലിൻ വിധിയുടെ തുടർച്ചയായി ഉമ്മൻചാണ്ടി മന്ത്രിസഭയെ പാർലമെന്റ് തെരഞ്ഞെടുപ്പോടെ മറിച്ചിടുമെന്ന കോടിയേരി ബാലകൃഷ്ണന്റെ പ്രഖ്യാപനമാണ് ഇപ്പോൾ യുഡിഎഫ് ഘടകകക്ഷികൾക്ക് കൂടുതൽ ആത്മവിശ്വാസം പകർന്നിരിക്കുന്നത്.

സിപിഎമ്മിന്റെ ഉള്ളിലിരിപ്പെന്തായാലും സർക്കാർ മറിഞ്ഞുവീഴുമെന്ന പരസ്യപ്രഖ്യാപനം വന്നതോടെ കോൺഗ്രസ് നേതൃത്വവും മുസ്ലീം ലീഗ് നേതൃത്വവും പരക്കം പായുകയാണ്. പാർട്ടി സെക്രട്ടറിക്ക് പാർലമെന്ററി രംഗത്തേക്ക് വരാനുള്ള തടസ്സം നീങ്ങിയതോടെ ഉമ്മൻചാണ്ടി സർക്കാരിനെ താഴെയിറക്കാനുള്ള നീക്കം സിപിഎം ശക്തമാക്കുമെന്ന ഭീതി യുഡിഎഫ് നേതൃത്വത്തിലുണ്ട്.

അസംതൃപ്തരായി നിൽക്കുന്ന മുഖ്യ കക്ഷികൾ സിഎംപിയും ജെഎസ്എസുമാണ്. പുതിയ സാഹചര്യത്തിൽ ഇവരുടെ പ്രശ്നങ്ങൾക്ക് പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് പരിഹാരം കാണാനാണ് തീരുമാനം. കേരള കോൺഗ്രസ്, സോഷ്യലിസ്റ്റ് ജനത തുടങ്ങിയ പാർട്ടികളുടെ നിലപാടിലും നേതൃത്വത്തിനും ആശങ്കയുണ്ട്.

ലോക്സഭാ തിരഞ്ഞെടുപ്പിന് മുമ്പ് ഏതെങ്കിലും എംഎൽഎയെ രാജിവയ്പ്പിച്ച് നിയമസഭയിലേയ്ക്ക് വരാൻ പിണറായി വിജയൻ ശ്രമിച്ചേക്കില്ല. ഏതായലും ലോക്സഭാ തിരഞ്ഞെടുപ്പ് ഇരുമുന്നണികൾക്കും നിർണായകമാണ്. യുഡിഎഫിന് കനത്ത പരാജയമുണ്ടായി ഘടക കക്ഷികൾ പുറത്തേക്ക് ചാടാനൊരുങ്ങിയാൽ സ്ഥിതി പാടേ മാറും.

ലോക്സഭാ തെരഞ്ഞെടുപ്പിനോടൊപ്പം സംസ്ഥാനത്തെ ഭരണ മാറ്റത്തിനുള്ള ശ്രമങ്ങളും സിപിഎം ആരംഭിച്ചു. അതിന് വേണ്ടിയുള്ള ആദ്യ വെടി പൊട്ടിച്ച് പ്രതിപക്ഷ ഉപനേതാവും പോളിറ്റ് ബ്യൂറോ അംഗവുമായ കോടിയേരി ബാലകൃഷ്ണൻ രംഗത്തെത്തിയത് സർക്കാർ ഗൌരവത്തോടെയാണ് കാണുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ എൽഡിഎഫിന്റെ പരാജയത്തിന് ലാവലിൻ കേസ് കാരണമായിട്ടുണ്ട്. ഇപ്പോൾ സ്ഥിതി മാറി അത് കൊണ്ട് ഇനിയും ജനങ്ങൾ വെറുത്ത സർക്കാരുമായി മുന്നോട്ട് പോകേണ്ടെന്നാണ് സിപിഎമ്മിന്റെ തീരുമാനം.

പാർട്ടി തീരുമാനിക്കാത്തത് കൊണ്ടാണ് സർക്കാർ ഇപ്പോഴും തുടരുന്നതെന്ന വാദം എം എം ബേബി ഉന്നയിക്കുകയായി. ഇത് വലതുപക്ഷകക്ഷികൾ പോലും അംഗീകരിക്കുന്ന വസ്തുതയാണ്. പിണറായി വിജയൻ തകൃതിയായി വിടുതൽ ഹർജി നൽകിയതും അതിൽ തീരുമാന മുണ്ടായിട്ട് സർക്കാറിനെ മറിച്ചിടാനായിരുന്നു. മാണി ഗ്രൂപ്പുമായും ജോസഫ് ഗ്രൂപ്പുമായുമൊക്കെ രഹസ്യ ചർച്ചകൾ ഇടതുപക്ഷ കക്ഷികൾ നേരിട്ടല്ലാതെ തന്നെ ആരംഭിച്ചു കഴിഞ്ഞു. ഇപ്പോൾ യുഡിഎഫിൽ നിൽക്കുന്ന അതൃപ്തരെ എല്ലാവരുമായും ചർച്ചകൾ നടക്കുന്നുണ്ട്.

കേരള കോൺഗ്രസ് മാണി ഗ്രൂപ്പിൽ അസംതൃപ്തരായി നിലനിൽക്കുന്ന ജോസഫ് വിഭാഗം ഇപ്പോഴത്തെ സാഹചര്യത്തിൽ എൽഡിഎഫിലേക്ക് അടുക്കാനുള്ള സാധ്യതയും നില നിൽക്കുന്നുണ്ട്. നിലവിൽ ജോസഫ് ഗ്രൂപ്പിന് 3 എംഎൽഎമാരാണ് ഉള്ളത്. ജലവിഭവ മന്ത്രി പിജെ ജോസഫിനെ കൂടാതെ മോൻസ് ജോസഫും ടി യു കുരുവിളയുമാണുള്ളത്. വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ രണ്ട് പാർലമെന്റ് സീറ്റ് യുഡിഎഫിൽ നിന്നും വാങ്ങി ജോസഫ് ഗ്രൂപ്പിലെ നേതാവായ ഫ്രാൻസിസ് ജോർജിനെ ഇടുക്കി സീറ്റിൽ മത്സരിപ്പാക്കാനിരിക്കെയാണ് പി സി ജോർജ് വിമർശനവുമായി എത്തിയത്. ഇതിന്റെ പേരിൽ ഗ്രൂപ്പിൽ നിന്നും ഇടഞ്ഞു നിൽക്കുന്ന ജോസഫ് ഗ്രൂപ്പിനെ അടർത്താനാണ് സിപിഎം നീക്കം. അതല്ലെങ്കിൽ ജോസഫിനെ തഴഞ്ഞ് കെ എം മാണിയെ കൂട്ടുപിടിക്കുകയെന്ന ചർച്ചകളും നടക്കുന്നുണ്ട്.

ജോസഫ്, മാണി എന്നീ വിഭാഗങ്ങളിൽ ആര് മുന്നണി വിട്ടാലും അത് സർക്കാറിന് ഭീഷണിയാകുമെന്നത് തന്നെയാണ് എൽഡിഎഫിന്റെ ധൈര്യം. ലാവ്‌ലിൻ കേസിൽ കോടതി കുറ്റ വിമുക്തനാക്കിയ പിണറായി വിജയനെ മുൻനിർത്തി തെരഞ്ഞെടുപ്പിനെ നേരിടാനുള്ള ശ്രമവും ഇടതുമുന്നണി നടത്തുന്നുണ്ട്. വി എസ് അച്യുതാനന്ദൻ പാർട്ടിയ്ക്ക് കീഴ്പ്പെട്ട് കഴിഞ്ഞെന്നാണ് ഔദ്യോഗികപക്ഷത്തിന്റെ നിഗമനം. വി എസ് ഇനി തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്കുണ്ടാകില്ലെന്ന സൂചനയും ലഭിക്കുന്നുണ്ട്.

## സർക്കാർ സ്ഥാപനമായ സി ആപ്ടിൽ വ്യാപക അഴിമതി

**ജോസ്**

തിരുവനന്തപുരം: സർക്കാർ സ്ഥാപനമായ സി ആപ്ടിൽ ( Kerala State Cetnre for Advanced Printing & Train-ing ) വ്യാപക അഴിമതി. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണത്തിലാണ് തിരിമറി കണ്ടെത്തിയത്.

കാഷ് വൗച്ചറുകളിലും ചെക്കുകളിലും ലക്ഷങ്ങളുടെ അഴിമതി നടത്തി. സർക്കാർ പണം വ്യാപകമായി ദുരുപയോഗം ചെയ്തതായും അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്.

കമ്പ്യൂട്ടറുകൾ വാങ്ങിയതിലും വാങ്ങനങ്ങൾ വാടകയ്ക്ക് ഉപയോഗിച്ച വകയിലും വൻ തിരിമറിയാണ് നടത്തിയത്. സ്ഥാപനത്തിന്റെ മുൻ എം. ഡിയായ രാജശ്രീ അജി ത്തിന് സംഭവത്തിലുള്ള പങ്ക് അന്വേഷിക്കണമെന്നും ധന കാര്യ പരിശോധനാ വിഭാഗം ആവശ്യപ്പെടുന്നുണ്ട്.

2009 10 കാലഘട്ടത്തിൽ നടത്തിയ ക്രമക്കേടിന്റെ റിപ്പോർട്ടാണ് ഇപ്പോൾ പുറത്ത് വന്നിരിക്കുന്നത്. റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെ പ്രിൻസിപ്പിൽ സെക്രട്ടറിക്കാണ് റിപ്പോർട്ട് കൈമാറിയിട്ടുള്ളത്.

അതിഥി സത്ക്കാരത്തിനായി 2, 10000 രൂപയാണ് ചിലവാക്കിയതെന്ന് രേഖയിൽ കാണിക്കുമ്പോഴും അത് തെളിയിക്കുന്ന വൗച്ചറുകളൊന്നും സ്ഥാപനം സമർപ്പിച്ചിട്ടില്ല. സി ആപ്ടിന് സ്വന്തമായി അഞ്ച് വാഹനങ്ങൾ ഉണ്ടായിരുന്നിട്ടും പുറത്ത് നിന്ന് കാറുകൾ വാടകയ്ക്ക് വിളിക്കുകയായിരുന്നു. ആഡംബര കാറുകളാണ് വാടകയ്ക്ക് വിളിച്ചിരുന്നത്.

ഇതിൽ നിരന്തരം യാത്രകൾ നടത്തിയിരുന്നതായും ഈ വകയിൽ 2, 50000 ചെലവായതായും കാണിക്കുന്നു. എന്നാൽ യാത്രാ രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടുമില്ല. അതുപോലെ രജിസ്റ്ററുകളിൽ വൻ ക്രമേക്കേടാണ് നടത്തിയിരിക്കുന്നത്. സ്റ്റോക്ക് ലിസ്റ്റുകളിലും പ്രിന്റിങ് ലിസ്റ്റുകളും ഒന്നും സമർപ്പിക്കാതെ ധനതത്വങ്ങളുടെ വൻ ലംഘനമാണ് സി ആപ്ട് നടത്തിയിരിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇടപാടുകൾ സംബന്ധിച്ച് അടിയന്തര നടപടി വേണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നുണ്ട്. എന്നാൽ ഈ റിപ്പോർട്ട് സമർപ്പിച്ച് ഒന്നര വർഷം പിന്നിട്ടിട്ടും ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപടിയൊന്നും എടുത്തില്ലെന്ന് ആരോപണമുണ്ട്. റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് പൂഴ്ത്തിയെന്നാണ് ആരോപണം.






### വായനക്കാർ അറിയാൻ

ഗ്രാമജ്യോതി പത്രത്തിലേയ്ക്കും ഓൺലൈൻ ചാനലിലേയ്ക്കുമുള്ള വാർത്തകൾ തൊടുപുഴ പ്രസ് ക്ലബിലുള്ള ഗ്രാമജ്യോതി ന്യൂസ് ബോക്സിൽ വായനക്കാർക്ക് നൽകാവുന്നതാണ്.

Email: gramajyothitdpa@gmail.com

### ഏജന്റുമാരുടെ ശ്രദ്ധയ്ക്ക്

2014 ലെ കലണ്ടറുകളും ഡയറികളും ഓഫീസിൽ മുൻകൂട്ടി ബുക്ക് ചെയ്യണം ഫോൺ : 9447067701, 9567447527

**ജോർജ്ജ് സി. എ.**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ







# ചുങ്കം സെന്റ് മേരീസ് ഫൊറോന പള്ളിയിൽ തിരുനാൾ

## 2013 നവംബർ 04 തിങ്കൾ മുതൽ 11 തിങ്കൾ വരെ

## തിരുനാൾ പരിപാടികൾ

### നവംബർ 8 വെള്ളി

6.30 a.m : വി. കുർബ്ബാന, നൊവേന

### നവംബർ 9 ശനി

| | | |
|---|---|---|
| 6.30am | : | കൊടിയേറ്റ്, ലദീഞ്ഞ് |
| 7.am. | : | വി. കുർബ്ബാന (മലങ്കര റീത്തിൽ) ഫാ. ലല്ലു കൈതാര്യം |
| 8.30 am. മുതൽ | | പന്ത്രണ്ടുമണി ആരാധന (വാർഡ് അടിസ്ഥാനത്തിൽ) |
| 4.30 pm | : | ആരാധാന– സമാപനം |
| 6.45 pm | : | ലദീഞ്ഞ് തൊടുപുഴ ടൗൺ കുരിശുപള്ളിയിൽ റവ. ഫാ. ജോസ്, മോനിപ്പിള്ളി |
| 7p.m | | പ്രദക്ഷിണം പള്ളിയിലേക്ക് |
| 8.45 pm | : | പ്രസംഗം (പള്ളിയിൽ) റവ. ഡോ. ലൂക്ക് പൂതൃക്കയിൽ (കൈപ്പുഴ ഫൊറോന പള്ളി വികാരി |

**മേളങ്ങൾ – ആകാശ വിസ്മയം**

### നവംബർ 10 ഞായർ

| | | |
|---|---|---|
| 6.30am | : | വി. കുർബ്ബാന |
| 10.am. | | തിരുനാൾ റാസ |
| | | മുഖ്യ കാർമ്മികൻ : |
| | | ഫാ. ജെയിംസ് പൊങ്ങാനയിൽ |
| | | (പുന്നത്തുറ പള്ളി വികാരി) |

സഹ കാർമ്മികൻ –
വെ. റവ. ഫാ. ജോർജ്ജ് കാളാശ്ശേരിൽ വി. സി, ഫാ. സ്റ്റീഫൻ കോളങ്ങായിൽ വി. സി
ഫാ. ജോൺ കുഞ്ചറക്കാട്ട് വി സി, ഫാ. ജോസ് പ്ലാത്തോട്ടത്തിൽ (ഡീപോൾ ആശ്രമം തൊടുപുഴ)
തിരുനാൾ സന്ദേശം : ഫാ. എബ്രഹാം പാറടിയിൽ
പ്രസുദേന്തി വാഴ്ച– പ്രദക്ഷിണം– പ. കുർബ്ബാനയുടെ വാഴ്‌വ്

2013 നവംബർ 10 ഞായറാഴ്ച വൈകുന്നേരം 7.00 ന് നാടകം

**സത്യം ഒരു നുണയല്ല**

അവതരണം : ആറ്റിങ്ങൽ ശ്രീധന്യ

### നവംമ്പർ 11 തിങ്കൾ

രാവിലെ 6.30 ന് : –പരേത സ്മരണ

വി. കുർബ്ബാന, സെമിത്തേരിയിൽ പ്രാർത്ഥന

ആശംസകൾ...!




# ചുങ്കം പള്ളി ചരിത്രം

തൊടുപുഴ: തൊടുപുഴ മുൻസിപ്പൽ അതിർത്തിക്കുള്ളിൽ ക്നാനായക്കാർക്കുള്ള ഏക ദേവാലയമാണ് ചുങ്കം സെന്റ് മേരീസ് ഫൊറോനാ പള്ളി ലഭ്യമായ കണക്കനുസരിച്ച് 427 കൊല്ലത്തെ പഴക്കമുള്ള ഈ പള്ളിയുടെ ആരംഭത്തെക്കുറിച്ചോ, അതിനു ശ്രമിച്ചവരെക്കുറിച്ചോ വിശദമായ അറിവില്ല. ലഭ്യമായ രേഖകളും, ചൊല്ലുകളും പഠിച്ച താഴെ പറയുന്നവ കുറിക്കുന്നു.

യേശു ക്രിസ്തുവിന്റെ 12 ശിഷ്യന്മാരിൽ ഒരുവനായ മാർതോമാ ശ്ലീഹാ ആദ്യ നൂറ്റാണ്ടിൽ തന്നെ ഭാരതത്തിൽ എത്തുകയും സുവിശേഷം പ്രസംഗിക്കുകയും സഭയ്ക്കു രൂപം കൊടുക്കുകയും ചെയ്തു. എന്നാൽ അവരിൽ പലരും പിന്നീട് ഹിന്ദു മതത്തിലേക്കു തിരികെ പോകുകയും മറ്റുള്ളവർ വേണ്ട നേതൃത്വമില്ലാതെ വലയുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ക്നായി തോമായുടെയും ഉറഹാ മാർ യൗസേഫിന്റെയും നേതൃത്വത്തിൽ മദ്ധ്യപൂർവ്വ ദേശത്തുനിന്നും എ.ഡി. 345 ൽ ഒരു സംഘം ആളുകൾ മലങ്കരയിൽ കുടിയേറിയത്. അങ്ങനെ കൊടുങ്ങല്ലൂർ വന്നിറങ്ങിയ ക്നായി തോമായ്ക്കും അനുചരന്മാർക്കും ഹൃദ്യവും സ്നേഹ നിർഭരവുമായ സ്വീകരണമാണു ലഭിച്ചത്. അന്നത്തെ കേരളാധിപനായിരുന്ന ചേരകോൻ പെരുമാൾ അവരെ താൽപര്യപൂർവ്വം സ്വീകരിക്കുകയും വീടുകളും കോട്ടകൊത്തളങ്ങളും പണിയുന്നതിനും ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനു മറ്റുമായി സ്ഥലം കരമൊഴിവായി നൽകുകയും ചെയ്തു. അങ്ങനെ ക്നായി തോമായുടെയും ഉറഹാ മാർ യൗസേഫിന്റെയും നേതൃത്വത്തിൽ കുടിയേറിയ നാനൂറോളം യഹൂദ ക്രിസ്ത്യാനികളുടെ സന്താന പരമ്പരയിൽപ്പെട്ടവരാണ് ഇന്നത്തെ ക്നാനായക്കാർ.

കുടിയേറ്റ കാലം മുതൽ തന്നെ ക്നായിതോമായും കൂട്ടരും തങ്ങളുടെ അനന്യത കാത്തു സൂക്ഷിച്ചു പോന്നു. “ മറ്റുള്ളവരിൽ നിന്നും വ്യത്യാസപ്പെട്ട ആചാരമര്യാദകളായിരുന്നു അവർക്കുണ്ടായിരുന്നത്. വസ്ത്രധാരണത്തിലും ഭക്ഷണരീതിയിലും എന്തിന് ആഭരണം ധരിക്കുന്നതിൽ പോലും അവർക്ക് പ്രത്യേകതകൾ ഉണ്ടായിരുന്നു. എങ്കിലും തങ്ങളുടെ തനിമ കാത്തു സൂക്ഷിക്കുന്നതിനു സ്വന്തമായ ദേവാലയങ്ങൾ വേണമെന്നു ക്രമേണ അവർക്കു ബോദ്ധ്യമായി. അങ്ങനെ കൊടുങ്ങല്ലൂരിൽ തന്നെ പരി. കന്യകാ മറിയത്തിന്റെയും മാർതോമാശ്ലീഹായുടേയും മാർ കുര്യാക്കോസിന്റെയും നാമങ്ങളിലായി മൂന്നു ദേവാലയങ്ങൾ അവർ നിർമ്മിച്ചു.” [1]

1. പിൽക്കാലത്ത് കൊടുങ്ങല്ലൂർ നിന്നും കുടിയേറിയ സ്ഥലങ്ങളിലെല്ലാം അവർ സ്വന്തമായ ദേവാലയങ്ങൾ പണി കഴിപ്പിച്ചു. ജലമാർഗ്ഗം എത്തിച്ചേരാവുന്ന ഉദയംപേരൂർ, കടുത്തുരുത്തി, ചുങ്കം, കോട്ടയം, കല്ലിശ്ശേരി എന്നീ നാട്ടുരാജ്യ തല സ്ഥാനങ്ങളിലാണ് അവർ താമസമാക്കുകയും പള്ളി പണിയുകയും ചെയ്തത്. 16–ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ വരവോടെ കേരളത്തിൽ മുസ്ലീമുകളുടെ രാജ്യാന്തര വാണിജ്യ കുത്തകയ്ക്ക് ഭീഷണി ആയതോടെ ഇവിടെ നിലനിന്നിരുന്ന മത സൗഹാർദ്ദം തകർന്നു. കോഴിക്കോട് സാമൂതിരിയുടെ പക്ഷം ചേർന്ന് മുസ്ലീമുകളും കൊച്ചി രാജാവിന്റെ പക്ഷം ചേർന്ന് പോർട്ടുഗീസുകാരും തമ്മിൽ 1524 ൽ നടന്ന യുദ്ധത്തിൽ കൊടുങ്ങല്ലൂരെ പള്ളികളും ക്നാനായക്കാരുടെ വീടുകളും കത്തി നശിച്ചു. തുടർന്ന് അവിടെ ഉണ്ടായിരുന്ന ശേഷിച്ച ക്നാനായക്കാരും, അവരുടെ കൂട്ടർ നേരത്തെ പോയ സ്ഥലങ്ങളിലേയ്ക്കു മാറിത്താമസിച്ചു.

‘ചേരകോൻ പെരുമാൾ രാജ്യം വിഭജിച്ചു പലർക്കും കൊടുത്ത അവസരത്തിൽ ക്നാനായക്കാർക്ക് രണ്ടു പ്രദേശങ്ങൾ കൊടുത്തു. അതു വില്ലാർവട്ട (കോട്ടക്കായൽ)വും ഉദയംപേരൂരുമാണ്.’ [2]

‘ചുങ്കം ഇടവകയിൽപ്പെട്ടവരുടെ പൂർവ്വികർ 9–ാം നൂറ്റാണ്ടുവരെ വില്ലാർ വട്ടം (കോട്ടക്കായൽ) ഇടവകക്കാർ ആയിരുന്നു. 9–ാം നൂറ്റാണ്ടിൽ അവർ നെടിയശാലയിൽ വന്നു താമസമാക്കി. നെടിയശാലയിൽ കാട്ടാന ശല്യം വർദ്ധിച്ചതുമൂലം ക്രി.വ. 1565 ൽ പച്ചിക്കര, കുഴുമ്പിൽ, ഇല്ലിക്കൽ, ചിറക്കൽ, ചേരീൽ എന്നീ അഞ്ചു കുടുംബക്കാർ തൊടുപുഴ കീഴ്മല രാജാവിന്റെ ചുങ്ക സ്ഥലത്തിനടുത്തു കുടിയേറി താമസിക്കുകയും മൈലക്കൊമ്പു പള്ളിയിൽ പോയി ആത്മീയ കാര്യങ്ങൾ നടത്തുകയും ചെയ്തിരുന്നു.’ [3]

3. അങ്ങനെയാണ് ഈ പള്ളിക്ക് ചുങ്കം പള്ളി എന്നു പേരു വരുവാൻ കാരണം. നേരത്തെ ചുങ്കത്തു പള്ളി എന്നാണ് അറിയപ്പെട്ടിരുന്നത്.

“വടക്കുംകൂറിന്റെ സാമന്തനായിരുന്ന കീഴ്മലരാജാവ് മണികണ്ഠവീരന്റെ ചുങ്കസ്ഥലത്തിനടുത്തു താമസമാക്കിയ ക്നാനായക്കാർ തങ്ങളുടേതായ ഒരു പള്ളി ഉണ്ടായി കാണുവാൻ ആഗ്രഹിച്ചു. അക്കാര്യം രാജാവിനെ അറിയിച്ചപ്പോൾ അനുവാദത്തിനു പുറമെ ആവശ്യമായ സ്ഥലവും–മരുതോലിൽ പുരയിടം–പള്ളി വയ്ക്കുവാൻ സംഭാവനയായി നൽകി. അത് 1578 നവംബർ 12ന് ആയിരുന്നു.’ [4] രാജാവ് സ്ഥലം തന്നത് നവംബർ 12 ന് ആണെങ്കിലും അക്കാര്യത്തിൽ അദ്ദേഹം തീരുമാനം എടുത്തു ജനങ്ങളെ അറിയിച്ചത് 11 ന് ആയതിനാൽ സഭാ കലണ്ടർ പ്രകാരം അന്നേ ദിവസം തിരുന്നാൾ ആഘോഷിക്കുന്ന വി. മർത്തീനോസിന്റെ തിരുനാൾ രാജാവിനോടുള്ള നന്ദി സൂചകമായി ഈ പള്ളിയിൽ ആഘോഷിക്കുവാൻ തുടങ്ങി. ഇപ്പോൾ സൗകര്യാർത്ഥം 11–ാം തീയതി ഞായറാഴ്ച ആണെങ്കിൽ അന്നോ, അല്ലെങ്കിൽ ഏറ്റവും അടുത്ത ഞായറാഴ്ചയോ ആഘോഷിച്ചു പോരുന്നു.

ചുങ്കം പള്ളിയുടെ പാട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച്

“ആണ്ടും പുകൾ കൊല്ലമെഴുന്നൂറ്റമ്പത്തി നാലുങ്കൽ അന്നവിടെ നിന്ന തിങ്കൾ രണ്ടു ചെന്ന വൃശ്ചികം” [5]

കൊല്ലവർഷം 754 വൃശ്ചികം രണ്ടാം തീയതി അതായത് 1579 ആഗസ്റ്റ് 15ന് മാർ അബ്രാഹം മെത്രാന്റെ കാലത്ത് പരി. കന്യകാ മറിയത്തിന്റെ നാമത്തിൽ ആദ്യത്തെ ദേവാലയത്തിനു കല്ലിട്ടു. കുഴുമ്പിൽ അമ്മൂമ്മയുടെ പ്രേരണ ഈ പള്ളി നിർമ്മാണത്തിന്റെ പിന്നിലുണ്ടായിരുന്നു. തുടർന്ന് കാലാകാലങ്ങളിൽ ജനങ്ങളുടെ ആവശ്യങ്ങളും സൗകര്യങ്ങളും പള്ളിയ്ക്കുള്ളിലെ സ്ഥലസൗകര്യവും കണക്കിലെടുത്ത് പല പ്രാവിശ്യം പൊളിച്ചു പണിതിട്ടുണ്ട്. അങ്ങനെ പണിത 4–ാമത്തെ പള്ളി ആയിരക്കണം ഇപ്പോൾ ആരാധന നടത്തുന്ന ദേവാലയം.

ഈ മനോഹരമായ ദേവാലയം പണി കഴിപ്പിക്കുവാൻ കൊരട്ടിയിൽ ബ. മത്തായി അച്ചനും മങ്ങച്ചാലിൽ ബ. കുര്യാക്കോസ് അച്ചനും നേതൃത്വം നൽകി. 1953 നവംബർ 29ന് അ. കർദ്ദി നാൾ ടിസറാങ്ങ് നവീന ദേവാലയം വെഞ്ചിരിച്ചു. 1911 ൽ ക്നാനായക്കാർക്കായി കോട്ടയം വികാരിയിതു സ്ഥാപിക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ ഈ ഇടവക സമൂഹം വിവിധ രൂപതകളിലായി പല മെത്രാൻമാരുടെ അധികാരത്തിൻ കീഴിലായിരുന്നിട്ടുണ്ട്. അങ്ങനെ അങ്കമാലി രൂപതയിലും, കൊടുങ്ങല്ലൂർ രൂപതയിലും, വരാപ്പുഴ രൂപതയിലും, എറണാകുളം വികാരിയാത്തിലും ഒക്കെ ഉൾപ്പെട്ടിരുന്നതായി കാണുന്നു.

‘ക്നാനായക്കാർക്ക് ഭരണാധികാരികളിൽ നിന്നും ലഭിച്ചിരുന്ന അധികാര ചിഹ്നങ്ങൾ, ആരംഭകാലം മുതൽ സൂക്ഷിച്ചിരുന്ന പൂജ വസ്തുക്കൾ തുടങ്ങിയവയെല്ലാം, 1524 ൽ നശിപ്പിക്കപ്പെട്ട കൊടുങ്ങല്ലൂർ വിട്ടുപോന്നപ്പോൾ അവർ കൂട്ടത്തിൽ എടുത്തിരുന്നു. വേന്തൽമുടി ചുങ്കത്തിലേയ്ക്കും കരിങ്കല്ലിൽ കൊത്തപ്പെട്ട പേർഷ്യൻ കുരിശുകൾ കോട്ടയത്തേയ്ക്കുമാണു കൊണ്ടുപോയത്.’ [6]. പെരുമാൾ ക്നാനായി തോമ്മായ്ക്കു നൽകിയതും ചുങ്കത്തിലേയ്ക്കു ക്നാനായക്കാർ കൊണ്ടുപോന്നതുമായ വില്ലാർവട്ടം രാജമുടികൾ (വേന്തൻമുടി) തുടർന്നു പച്ചിക്കര കുടുംബക്കാർ സൂക്ഷിക്കുകയും പിന്നീട് പള്ളിയിലേയ്ക്കു ഏൽപ്പിക്കുകയും ചെയ്തു. ഇപ്പോൾ ആ മുടികൾ ചുങ്കം പള്ളിയിൽ ഭദ്രമായി സൂക്ഷിച്ചു പോരുന്നു. 1630 ജൂലൈ 3ന് ബ. സ്റ്റീഫൻ ബ്രിട്ടോ മെത്രാന്റെ കാലത്തു പഴയ പള്ളിയുടെ മുൻപിലായി സ്ഥാപിച്ച കൽകുരിശിനു കാലപ്പഴക്കം കൊണ്ടു കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 1881 ൽ അന്നു വരാപ്പുഴ മെത്രാനായിരുന്ന ബ. മർസലിനോസിന്റെ കാലത്താണ് ഈ പള്ളിയിൽ ദർശനം (കൊമ്പിരിയം) സ്ഥാപിച്ചത്. 1920 ലാണ് 12 മണി ആരാധന സ്ഥിരമായി നടത്തുന്നതിനുള്ള കൽപന ഉണ്ടായത്. സെന്റ് ജോസഫ്സ് യു.പി. സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതു 1922 ലും ടൗണിലെ വി. കൊച്ചുത്രേസ്യായുടെ നാമധേയത്തിലുള്ള കുരിശുപള്ളിയുടെ പണി പൂർത്തിയാകുന്നതു 1930 ലുമാണ്. 1975 മുതൽ സെന്റ് മാർട്ടിൻ നെഴ്സറി സ്കൂൾ പ്രവർത്തനം തുടരുന്നു. 1936 മെയ് 14ന് വിസിറ്റേഷൻ കന്യകാ സമൂഹത്തിന്റെ ഒരു ശാഖ ഇവിടെ സ്ഥാപിതമായി. തൊടുപുഴ ടൗണിൽ വി. കൊച്ചുത്രേസ്യായുടെ കുരിശുപള്ളിയും, അക്കരെ ടെലിഫോൺ എക്സ്ചേഞ്ച് കവലയിൽ കന്തീശങ്ങളുടെ കുരിശുപള്ളിയും, പള്ളിയുടെ കിഴക്കുവശത്തായി വെട്ടിക്കൽ നട കുരിശുപള്ളിയും, പള്ളിയുടെ മുൻപിലായി വി. മർത്തീനോസിന്റെ കുരിശു പള്ളിയും നിലവിലുണ്ട്.

അഞ്ഞൂറിലേറെ വീടുകളുള്ള ഈ ഇടവകയിൽ 100 ഓളം കുടുംബങ്ങൾ ദൂരകൂടുതൽ മൂലം കോതമംഗലം രൂപതയുടെ വിവിധ ദേവാലയങ്ങളിലായി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നു. കോതമംഗലം രൂപതയിലെ ഏകദേശം 30 ഓളം കുടുംബക്കാർ ഈ ദേവാലയത്തോടും സഹകരിച്ചു പോകുന്നു.

ചുങ്കം ഫൊറോന പള്ളിയിൽ ഈ വർഷം എട്ടുനോമ്പുതിരുനാളിന്റെ 325–ാം വാർഷികം ആഘോഷിക്കുകയാണ്.

# വേന്തൻമുടി ഒരു ചരിത്രം

**ചേ**രസാമ്രാജ്യ ചക്രവർത്തിയായി കൊച്ചേരകോൻ പെരുമാൾ നാടുവാഴുന്ന കാലം. കാനാതോമ്മായും ഉറഹാമാർ യൗസേപ്പ് മെത്രാനും സംഘവും വന്ന് താമസമുറപ്പിച്ചു കഴിഞ്ഞിരിക്കുന്ന കാലവും. ഏതാനും വർഷങ്ങൾക്ക് ശേഷം തലസ്ഥനാമായ മഹോദയപുരത്തു നടന്ന ഒരു സംഭവം തിരുവരങ്കൻ പാട്ടുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇപ്രകാരമാണ്.

നായ്ക്കുടിപ്പരിഷയിൽപ്പെട്ട (ആശാരി, മൂശാരി, കൊല്ലൻ,തട്ടാൻ എന്ന് മുൻകാലങ്ങളിൽ വിളിക്കപ്പെട്ടു വന്ന വിശ്വകർമ്മ സമൂഹം) ഒരു പെണ്ണിനെ രാജാവിന്റെ വെളുത്തേടൻ (ഏലകേക നായ്ക്കുടിപ്പരിഷയിൽപ്പെട്ട (ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ എന്ന് മുൻകാലങ്ങളിൽ വിളിക്കപ്പെട്ടുവന്ന വിശ്വകർമ്മ സമൂഹം) ഒരു പെണ്ണിനെ രാജാവിന്റെ വെളുത്തേടൻ (അലക്കുകാരൻ) സ്നേഹിച്ചു. ജാതി മാറി കല്യാണം കഴിക്കാൻ പാടില്ലെന്ന് നിയമമുള്ള കാലമായിരുന്നു വല്ലോ അത്. അതുകൊണ്ട് സമുദായം അറിഞ്ഞ് അത്തരം ഒരു കല്യാണം നടക്കുക എളുപ്പമുള്ള കാര്യവുമല്ല. എങ്കിലും അയാൾ ചെന്ന് രാജാവിനോട് സങ്കടമുണർത്തിച്ചു. അദ്ദേഹം ആ പെൺകുട്ടിയെ വെളുത്തേടന് കല്യാണം കഴിച്ചുകൊടുക്കാൻ കൽപനയായി. ഗത്യന്തരമില്ലാതെ നായ്ക്കുടിപ്പരിഷകൾ രാജാവിന്റെ കൽപനയ്ക്കു സമ്മതിച്ചു. പക്ഷേ, അവർ കൂടിയാലോചിച്ച് ഒരു രഹസ്യ തീരുമാനമെടുത്തു. ഒരു സൂത്രപ്പന്തൽ നിർമ്മിച്ച് അവർ വെളുത്തേടനെ കല്ല്യാണത്തിനു ക്ഷണിച്ചു. സന്തോഷത്തോടെ ആഗതനായ വെളുത്തേടൻ തന്റെ പ്രേമഭാജനത്തെ കിട്ടുമല്ലോ എന്നു കരുതി സ്വപ്നം കണ്ടു കൊണ്ടിരിക്കുകയാണ്. അപ്പോൾ പെട്ടന്ന് പന്തൽ അയാളുടെ തലയിൽ ഉരുണ്ട് വീണ് അയാൾ മരിച്ചു. വെളുത്തേടനെ കൊന്നു കഴിഞ്ഞപ്പോൾ നായ്ക്കുടിപ്പരിഷകൾക്ക് ഭയമായി. രാജകോപത്തെ ഭയന്ന് അന്നു രാത്രി തന്നെ അവർ രഹസ്യമായി സിലോണിലേയ്ക്ക് കടന്നുകളഞ്ഞു. ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ എന്നീ വർഗ്ഗങ്ങളൊന്നും നാട്ടിലില്ലാതെ വന്നപ്പോൾ ചക്രവർത്തിയും ജനങ്ങളും വിഷമിച്ചു. കെട്ടിടം പണിയാനോ, ആയുധങ്ങളോ എന്നുവേണ്ട ഒരു കത്തി കാച്ചാനോ, പാത്രങ്ങൾ നിർമ്മിക്കാനോ, ആഭരണങ്ങൾ ഉണ്ടാക്കാനോ ഒന്നിനും ആളില്ലാതെ ജനങ്ങൾ കഷ്ടപ്പെട്ടു.

പ്രജാവത്സലനായ ചക്രവർത്തി ഉടനെ ക്നായിത്തോമ്മായെ ആളയച്ചു വരുത്തി വിവരം ധരിപ്പിച്ചു. താൻ പോയി നായ്ക്കുടിപ്പരിഷകളെ സിലോണിൽ നിന്നും കൂട്ടിക്കൊണ്ട് വരാമെന്ന് സമ്മതിച്ചു. അല്ലിമലയിലെ തിരുവരങ്കന്റെ കീഴിലുള്ള പാണന്മാരുടെ ഒരു ചെറിയ സൈന്യത്തെ സംഘടിപ്പിച്ച് സിലോണിലേയ്ക്ക് പുറപ്പെട്ടു. അറബികളും ചീനക്കാരും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്ന സമയമായിരുന്നു അത്. ആ യുദ്ധത്തിനിടയിലൂടെ ബുദ്ധിപൂർവ്വം കടന്നു ചെന്ന് അവർ സിലോണി (ശ്രീലങ്ക)ലെത്തി. ചക്രവർത്തിയുടെ അംശവടി കാണിച്ച് അവരെ പറഞ്ഞ് വിശ്വസിപ്പിച്ചു. ക്നായിത്തോമ്മായുടെ കൂടെ നാട്ടിലേക്ക് തിരിക്കാൻ അവർ തീരുമാനിച്ചു.

അവർ വിശേഷപ്പെട്ട ഒരു സ്വർണ്ണമുടി (കിരീടം)യും പണിതുകൊണ്ടാണ് ചക്രവർത്തിയെ വന്നു കണ്ടത്. അദ്ദേഹത്തിന് അതിരറ്റ സന്തോഷം! മനസ്സ് തെളിഞ്ഞ ചക്രവർത്തി അവർക്കുവേണ്ട ആനുകൂല്യങ്ങൾ നൽകി ചേര രാജ്യത്ത് താമസിപ്പിച്ചു. നായ്ക്കുടികളെ തിരിച്ചു കൊണ്ടുവന്നതിനു സമ്മാനമായി അവർ കാഴ്ച വച്ച സ്വർണ്ണ മുടി ക്നായിത്തോമ്മായ്ക്ക് നൽകി ആദരിച്ചു. കൂട്ടത്തിൽ എഴുപത്തിരണ്ട് പദവികളും ചക്രവർത്തി ക്നായിത്തൊമ്മന് കൊടുത്തു എന്നാണ് തിരുവരങ്കൻ പാട്ടിൽ കാണുന്നത്.

(കടപ്പാട്: ശ്രീ ഇടമറുകിന്റെ കേരള സംസ്ക്കാരം – പേജ് 670)

*തിരുനാൾ ആശംസകൾ...!*

***സിറ്റി മെഡിക്കൽസ്***

*സെന്റ്. സെബാസ്റ്റ്യൻസ് ചർച്ച് ബിൽഡിംഗ്സ്, തൊടുപുഴ, ഫോൺ : 225683*

*എല്ലാവിധ ഇംഗ്ലീഷ്, വെറ്ററിനറി മരുന്നുകളും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്*

*തിരുനാൾ ആശംസകൾ...!*

NOBY BUILDERS & DEVELOPERS

Noby Builders & Developers,
Pachikara Complex, Pala Road,
Thodupuzha . ph: 04862-223422
email: nobykrishnan@gmail.com







*തിരുനാൾ ആശംസകൾ...!*




*തിരുനാൾ ആശംസകൾ...!*



# തൊടുപുഴ നഗരത്തിൽ ക്യാമറ സ്ഥാപിക്കൽ അനന്തമായി നീളുന്നു



തൊടുപുഴ: തൊടുപുഴ ടൗണിൽ പ്രധാന കേന്ദ്രങ്ങളിൽ ക്യാമറ സ്ഥാപിക്കാനുള്ള പദ്ധതി പ്രാവർത്തികമായില്ല. ഇതിനായി റോഡിൽ പോസ്റ്റുകൾ സ്ഥാപിക്കുകയും ചില ജംക്ഷനുകളിൽ ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തിട്ട് മൂന്നു മാസത്തിലേറെയായി. ടൗണിലെ വ്യാപാര സ്ഥാപനങ്ങളുടെ പരസ്യങ്ങൾ വഴി പണം കണ്ടെത്തി നഗരത്തെ ക്യാമറ വലയത്തിലാക്കുവാനാണ് പോലീസ് പദ്ധതി തയാറാക്കിയത്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി പോലും തേടാതെ റോഡിലൂടെ പോസ്റ്റുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയതല്ലാതെ പദ്ധതി പ്രാവർത്തികമാക്കുന്നതിൽ ഇതിന് മുന്നിട്ടിറങ്ങിയവർ താൽപര്യം കാണിക്കാത്തതിൽ ദുരൂഹതയുണ്ട്. 85 ലക്ഷത്തോളം രൂപ പരസ്യ ഇനത്തിൽ ലഭിച്ചെങ്കിലും ഇനിയും 35 ലക്ഷം രൂപ കൂടി ലഭിച്ചാലേ പദ്ധതി പ്രാവർത്തികമാക്കാനാകുവെന്നാണ് ബന്ധപ്പെട്ടവർ പറയുന്നത്. പൊതുജന താൽപര്യാർഥം നടപ്പാക്കുന്ന പദ്ധതി ചിലരുടെ സ്വന്തം തീരുമാനങ്ങൾക്ക് വിട്ടുകൊടുത്തത് ക്രമക്കേടുകൾക്കും കാരണമായതായി ആരോപണം ഉയർന്നിട്ടുണ്ട്.

നിരവധി കമ്പനികൾ ഉണ്ടെങ്കിലും ടെൻഡർ ക്ഷണിക്കാതെയാണ് ക്യാമറ വയ്ക്കുവാൻ ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയതെന്നും പറയപ്പെടുന്നു. ജനാധിപത്യസംവിധാനം നിലനിൽക്കുന്ന നാട്ടിൽ ജനപ്രതിനിധികൾക്ക് കാര്യമായ റോളില്ലാതെ ചില ഉദ്യോഗസ്ഥർ സ്വന്തം ഇഷ്ട പ്രകാരം പദ്ധതി നടപ്പിലാക്കുവാൻ ശ്രമിച്ചത് പൊതുപ്രവർത്തകർക്ക് അപമാനമായതായും ജനങ്ങൾ പറയുന്നു. ഇതിന്റെ ആവശ്യത്തിനായി സ്ഥാപിച്ച പോസ്റ്റുകൾ കാട്ടുപള്ളകൾ കയറി മൂടിയ നിലയിലായിട്ടും പദ്ധതി പ്രാവർത്തികമാകാത്തതിനെക്കുറിച്ച് ഉന്നത തല അന്വേഷണം വേണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്.

# ഹൈടെക്ക് കാലിത്തീറ്റ ഫാക്ടറി മണക്കാട്

തൊടുപുഴ: തൊടുപുഴ താലൂക്കിൽ മണക്കാട് കേരള ഫീഡ്സ് ലിമിറ്റഡ് ഹൈടെക്ക് കാലിത്തീറ്റ ഫാക്ടറി നിർമിക്കുന്നു. ഹൈടെക്ക് കാലിത്തീറ്റ ഫാക്ടറി നിർമിക്കുന്നതിനു പത്തേക്കർ ഭൂമി പാട്ടത്തിന് അനുവദിച്ചുകൊണ്ടു റവന്യൂ വകുപ്പ് ഉത്തരവിറക്കി. റവന്യൂ(എ) വകുപ്പ് സെക്രട്ടറി ജി. കമലവർധന റാവുവാണു ഉത്തരവിറക്കിയിരിക്കുന്നത്.

ഇതു സംബന്ധിച്ചു മന്ത്രിസഭ യോഗം തീരുമാനം പ്രഖ്യാപിച്ചിരുന്നെങ്കിലും വകുപ്പ് തലത്തിൽ പാട്ട ത്തിനു ഭൂമി അനുവദിക്കുന്നതായി ഇന്നലെ ഉത്തരവിറക്കി. ഇതോടെ കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഫാക്ടറി ഇടുക്കി തൊടുപുഴയിൽ സ്ഥാപിതമാകുകയാണ്. കേരള ഫീഡ്സ് ചെയർമാനായി പി.സി. ജോസഫ് എത്തിയതിനുശേഷമാണു തൊടുപുഴയിൽ ഹൈടെക് കാലിത്തീറ്റഫാക്ടറി എന്ന ചർച്ച സജീവമാകുന്നത്. മന്ത്രി പി.ജെ. ജോസഫ് പ്രത്യേക താൽപര്യമെടുത്ത് മന്ത്രിസഭയുടെ അംഗീകാരം നേടി. മുഖ്യമന്ത്രി ഉമ്മൻചാണ്ടി പുതിയ സംരംഭത്തിനു മന്ത്രിസഭ യിൽ സർവ പിന്തുണയും പ്രഖ്യാപിച്ചതോടെ പദ്ധതിക്കു നേട്ടമായി. 50 ടി.പി.ഡി ഹൈടെക് കാലിത്തീറ്റ ഫാക്ടറി നിർമിക്കുന്നതിനായി തൊടുപുഴ അരീക്കുഴ ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും 10 ഏക്കർ ഭൂമി വേർതിരിച്ചു നല്കണമെന്ന് കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു. ഈ അപേക്ഷയിൽ ലാന്റ് റവന്യു കമ്മീഷണർ നൽകിയ ശിപാർശ മന്ത്രിസഭ അംഗീകരിക്കുകയായിരുന്നു. മണക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ സർവേ 12ൽ ഉൾപ്പെടുന്ന 30.20. 00 ഹെക്ടർ പുറമ്പോക്ക് ഭൂമിയിൽ നിന്നും പ്രസ്തുത പത്ത് ഏക്കർ സ്ഥലം കേരള ഫീഡ്സ് ലിമിറ്റഡിനു കാലിത്തീറ്റ ഫാക്ടറി നിർമിക്കുന്നതിനായി അനുവദിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ശിപാർശ. സർക്കാർ ഇക്കാര്യത്തിൽ വിശദമായി പരിശോധിച്ചു. മണക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 10ൽ 12ൽ കൃഷി വകുപ്പിന്റെ കൈവശത്തിലുള്ള പത്ത് ഏക്കർ ഭൂമി, റവന്യു വകുപ്പിൽ നിക്ഷിപ്തമാക്കികൊണ്ടും കോഴിക്കോട് കൊയിലാണ്ടി ചെമ്മഞ്ചേരിൽ കാലിത്തീറ്റ ഫാക്ടറിക്കു ഭൂമി അനുവദിച്ചതു പോലെ അംഗീകരിക്കുകയായിരുന്നു. ഏക്കർ ഒന്നിനു നൂറുരൂപ എന്ന വാർഷിക പാട്ട നിരക്കിലാണ് അനുവദിച്ചത്.

അഞ്ച് വർഷത്തിനുശേഷം പ്രസ്തു ത ഭൂമിയുടെ പാട്ടനിരക്ക് കമ്പോള വിലയുടെ 10 ശതമാനമായിരിക്കും. ഭൂമി പാട്ടത്തിനോ ഉപപാട്ടത്തിനോ നൽകാനോ, ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ലെന്ന വ്യവസ്ഥയുണ്ട്. പാട്ടത്തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ മുടക്കണം. ഭൂമി ഏതെങ്കിലും ബാങ്കിലോ മറ്റ്ധനകാര്യ സ്ഥാപനങ്ങളിലോ പണയപ്പെടുത്താൻ പാടില്ല.

# കുടിവെള്ള പദ്ധതി നടപ്പിലാക്കും: മന്ത്രി ജോസഫ്

ഇടവെട്ടി: കുടിവെള്ളക്ഷാമം രൂക്ഷമായ ഇടവെട്ടി പഞ്ചായത്തിൽ പ്രത്യേക കുടിവെള്ള പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതായി മന്ത്രി പി.ജെ.ജോസഫ്. ഇടവെട്ടി പഞ്ചായത്തിലെ 12-ാം വാർഡിൽ പുതുതായി രൂപീകരിച്ച ഇടവെട്ടി റസിഡൻസ് അസോസിയേഷൻ ഉദ്ഘാടനംചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അസോസിയേഷൻ പ്രസിഡന്റ് ഷാജി കെ. അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീല സ്റ്റീഫൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സഫിയ ബഷീർ, വൈസ് പ്രസിഡന്റ് എ.കെ. സുഭാഷ്കുമാർ, മുനിസിപ്പൽ കൗൺസിൽ എം. എ.കരിം, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബേബി തോമസ്, ഗീത ചന്ദ്രൻ, വിവിധ അസോസിയേഷൻ ഭാരവാഹികളായ മാത്യു വാഴക്കൽ, ടിവിപുരുഷൻ,അഷറഫ്മൗലവി,സിഎം. ബിൻ സഫ്, ടിഎം. മുജീബ്, ടിബി. സുബൈർ എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് വിവിധ കലാ പരിപാടികളും സംഘടിപ്പിച്ചു.

## തഹസിൽദാർക്കെതിരെ നടപടിയെടുക്കണം

തൊടുപുഴ : സിവിൽ സ്റ്റേഷന്റെ രണ്ടാം ബ്ലോക്ക് ഉദ്ഘാടന ചടങ്ങിൽ ജില്ലാ കളക്ടർ, സബ് കലക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ തഹസിൽദാർ ദേശീയഗാനത്തെ അപമാനിച്ച സംഭവത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് ഹിന്ദു ഐക്യവേദി താലൂക്ക് സമിതി ആവശ്യപ്പെട്ടു. ഇതുസംബന്ധിച്ച് ചീഫ് സെക്രട്ടറിക്കും ജില്ലാ കലക്ടർക്കും പരാതി നൽകിയിട്ടുണ്ട്. ദേശീയഗാനത്തെ അപമാനിച്ചതിനെക്കുറിച്ച് തൊടുപുഴയിലെ മുനിസിപ്പൽ കൗൺസിലർ അപ്പോൾ തന്നെ കലക്ടറോട് പരാതിപ്പെട്ടെങ്കിലും നടപടിയുണ്ടായില്ല.

## ഉപജില്ലാ കലോൽസവം വഴിത്തലയിൽ

തൊടുപുഴ: തൊടുപുഴ വിദ്യാഭ്യാസ ഉപജില്ലാ കേരള സ്കൂൾ കലോൽസവം 11 മുതൽ 13 വരെ വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തുമെന്ന് ജനറൽ കൺവീനർ വി.എസ്.സെബാസ്റ്റ്യൻ, ജോയിന്റ് ജനറൽ കൺവീനർ മാത്യു ടി.പെരുമ്പനാനി, എ.ഇ.ഒ- കെ.കെ.രാജൻ, എന്നിവർ അറിയിച്ചു. 11ന് രാവിലെ 9.30ന് മന്ത്രി പി.ജെ.ജോസഫ് ഉദ്ഘാടനം നിർവഹിക്കും. എൽ.പി.,യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി , വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ ആയിരക്കണക്കിന് കലാപ്രതിഭകൾ പങ്കെടുക്കും.

## ബേബി വർഗീസിന് നീന്തലിൽ 6 മെഡലുകൾ

തൊടുപുഴ: തിരുവനന്തപുരത്ത് നടന്ന സംസ്ഥാന സിവിൽ സർവീസ് നീന്തലിൽ ആലക്കോട് ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ബേബി വർഗീസ് മൂന്നു സ്വർണ മെഡലുകൾ കരസ്ഥമാക്കി. 1500 മീറ്റർ, 400 മീറ്റർ ഫ്രീസ്റ്റൈൽ, 50 മീറ്റർ ബ്രസ്റ്റ്സ്ട്രോക്ക് എന്നിവയിലാണ് സ്വർണം നേടിയത്. ഗുജറാത്തിലെ രാജ്കോട്ടിൽ നടന്ന ദേശിയ മാസ്റ്റേഴ്സ് നീന്തൽ ചാംപ്യൻഷിപ്പിൽ 200 മീറ്റർ മെഡ്‌ലെ ഇനത്തിൽ വെള്ളിയും 200 മീറ്റർ ഫ്രീസ്റ്റൈൽ, 100 മീറ്റർ ബട്ടർ ഫ്ളൈ എന്നിവയിൽ വെങ്കലവും കരസ്ഥമാക്കി കാനഡയിൽ നടക്കുന്ന ലോക മാസ്റ്റേഴ്സ് നീന്തൽ ചാംപ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള യോഗ്യതയും നേടി. വീട്ടുമുറ്റത്ത് വണ്ടമറ്റം അക്വാട്ടിക് സെന്റർ എന്ന പേരിൽ നീന്തൽ കുളം നിർമിച്ച് രാവിലെയും വൈകുന്നേരവും കുട്ടികളെയും മുതിർന്നവരെയും നീന്തൽ പരിശീലിപ്പിച്ച് വരുന്ന ബേബി വർഗീസ് ജില്ലാ അക്വാട്ടിക് അസോസിയേഷൻ സെക്രട്ടറിയും സംസ്ഥാന അക്വാട്ടിക് അസോസിയേഷൻ വൈസ് പ്രസിഡന്റുമാണ്.

## കരിങ്കുന്നം പഞ്ചായത്തിൽ ഒരോ വീട്ടിലും ഒരാൾക്ക് പെൻഷൻ

കരിങ്കുന്നം: കരിങ്കുന്നം പഞ്ചായത്തിലെ ഒരോ വീട്ടിലും ഒരാൾക്ക് പെൻഷൻ എന്ന ലക്ഷ്യം കൈ വരിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരും ഇപ്പോൾ മറ്റു പെൻഷനുകൾ ലഭിക്കാത്ത വരുമായവർ, വാർധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അവിവാഹിതരായ 50 വയസിനു മേലുള്ള വനിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവയിൽ ഏതിനെങ്കിലും അർഹതയുള്ളവർക്ക് പെൻഷനുള്ള അപേക്ഷാഫാറം പഞ്ചായത്ത് ഓഫീസിൽനിന്നും വാങ്ങി 10നു മുമ്പ് പഞ്ചായത്തിൽ പൂരിപ്പിച്ചു നൽകാം. കർഷക പെൻഷൻ ലഭിക്കുന്നതിനു 60 വയസ് പൂർത്തിയായ അഞ്ചേക്കറിൽ താഴെ സ്ഥലമുള്ള കർഷകർക്ക് കൃഷി ഓഫീസിൽനിന്നും അപേക്ഷ വാങ്ങി പൂരിപ്പിച്ച് നൽകാമെന്നും പഞ്ചായത്ത് പ്രസിഡന്റ് ജിമ്മി മറ്റത്തിപ്പാറ അറിയിച്ചു.

### മുനിസിപ്പാലിറ്റിയുടെ ഇരട്ടത്താപ്പ് നിർത്തണം

തൊടുപുഴ : നഗരത്തിൽ പ്രചരണ ബോർഡുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ മുനിസിപ്പൽ അധികാരികൾ സ്വീകരിക്കുന്ന വിവേചനം അവസാനിപ്പിക്കണമെന്ന് സിപിഐ തൊടുപുഴ താലൂക്ക് സെക്രട്ടറി പി പി ജോയി ആവശ്യപ്പെട്ടു. ക്ലീൻ സിറ്റിയുടെ പേരിൽ നഗരത്തിൽ ഏത് ഭാഗത്ത് എൽഡിഎഫ് പാർട്ടികൾ വയ്ക്കുന്ന ബോർഡുകൾ അടിയന്തിരമായി നീക്കം ചെയ്യുന്ന സമീപനമാണ് നഗരസഭ സ്വീകരിക്കുന്നത്. ഇത് അങ്ങേയറ്റം പ്രതിഷേധകരമാണ്. . നഗരത്തിന്റെ പല ഭാഗങ്ങളിലും സിവിൽ സ്റ്റേഷൻ ഉദ്ഘാടനം, കെഎസ് യു സമ്മേളനം തുടങ്ങി നിരവധി ബോർഡുകൾ ഉള്ളപ്പോൾ എൽഡിഎഫ് പ്രചരണ ജാഥയുടെ ബോർഡുകൾ മാത്രം നീക്കം ചെയ്യുന്നത് അംഗീകരിക്കാനാവില്ലെന്നും ജോയി പറഞ്ഞു.

## ഗാഢ്ഗിൽ – കസ്തൂരി രംഗൻ റിപ്പോർട്ട് സംവാദം

# കർഷക ആശങ്കകളുടെ വേദിയായി



തൊടുപുഴ- പശ്ചിമഘട്ടത്തിന്റെ ജീവസന്ധാരണത്തിന് തയ്യാറാക്കിയ ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് അട്ടിമറിച്ച് കസ്തൂരി രംഗൻ കമ്മീഷൻ റിപ്പോർട്ട് കൊണ്ടുവന്നതിന് വരും തലമുറകളോട് മറുപടി പറയേണ്ടി വരുമെന്ന് ഗാഡ്ഗിൽ സമിതി അംഗവും പരിസ്ഥിതി ശാസ്ത്രജ്ഞനുമായ ഡോ. വി.എസ് വിജയൻ. ഹൈറേഞ്ചും കൃഷി ഭൂമിയും കാണാതെ ഗാഡ്ഗിലിനെ പോലുളളവർ തയ്യാറാക്കുന്ന റിപ്പോർട്ടുകളാണ് കർഷകരെ തീവ്രവാദികളാക്കുന്നതെന്ന് ഹൈറേഞ്ച് സംരക്ഷണ സമിതി ചെയർമാൻ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെ അധികരിച്ച് ഇടുക്കി പ്രസ് ക്ലബ് ഒരുക്കിയ സംവാദം പരിസ്ഥിതി പ്രവർത്തകരുടെയും കാൽച്ചുവട്ടിലെ മണ്ണ് ഇളകുന്നുവെന്ന വിഹ്വലതയിൽ നിൽക്കുന്ന കർഷകന്റെയും ആശങ്കയുടെ വേദിയായി.

പശ്ചിമഘട്ടം സംരക്ഷിക്കേണ്ടെന്നു പറയുന്നില്ല. പക്ഷെ അതോടൊപ്പം മനുഷ്യർക്കും ജീവിക്കാൻ അവസരമുണ്ടാകണം. ഇപ്പോൾ തന്നെ കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും അപകടം വരുത്തിയ വാർത്തയാണ് നിത്യവും. മൃഗങ്ങൾക്ക് നീതിയും മനുഷ്യന് അനീതിയും- ഇതാണ് രണ്ടു റിപ്പോർട്ടുകളും. റിപ്പോർട്ട് ഗ്രാമസഭകളുടെ അംഗീകാരത്തോടെയേ നടപ്പാക്കൂ എന്നാണ് ശുപാർശ. എന്നാൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചാൽ തടുക്കാൻ ഏത് ഗ്രാമസഭകൾക്കു കഴിയും.

മലയോര കർഷകന് പട്ടയം കിട്ടാനുള്ള തടസം സർക്കാർ മാത്രമല്ല. എന്നും മലയോര കർഷകനെതിരെ നിയമയുദ്ധം നടത്തുന്ന പരിസ്ഥിതി തീവ്രവാദികളുമാണ്. ഇന്ത്യ പോലുള്ള ജനാധിപത്യ രാജ്യത്ത് ജനപ്രതിനിധികളെ ഉൾപ്പെടുത്താതെ തയ്യാറാക്കുന്ന ഏത് റിപ്പോർട്ടും ജനാധിപത്യ വിരുദ്ധമാണെന്നും ഫാ. സെബാസ്റ്റ്യൻ ചൂണ്ടിക്കാട്ടി.

പ്രസ് ക്ലബ് പ്രസിഡന്റ് വിനോദ് കണ്ണോളി സ്വാഗതവും സെക്രട്ടറി ഹാരീസ് മുഹമ്മദ് നന്ദിയും പറഞ്ഞു.

# ഗാർഹിക പീഢനം നേരിടുന്നവർക്ക് നിയമ സഹായ കേന്ദ്രം ആരംഭിച്ചു

ഇടുക്കി : ഗാർഹിക പീഡനത്തിന് വിധേയരാകുന്ന സ്ത്രീ കൾക്കും കുട്ടികൾക്കും നിയമസഹായവും പരിരക്ഷയും നൽകുന്നതിന് നിയമ സേവന സഹായ കേന്ദ്രം വഞ്ചിക്കവലയിൽ ആരംഭിച്ചു. സമൂഹത്തിൽ വിവിധ കാരണങ്ങളാൽ ഗാർഹിക പീഡനമനുഭവിക്കുന്ന സ്ത്രികൾക്കും കുട്ടീകൾക്കുമായി പ്രവർത്തിക്കുന്ന സ്വധർ റീഹാബിലിറ്റേഷൻ സെന്ററിനോടനുബന്ധിച്ചാണ് നിയമ സേവന സഹായ കേന്ദ്രം പ്രവർത്തിക്കുന്നത്.

ഭാര്യാ-ഭർതൃബന്ധത്തിലുള്ള പ്രശ്നങ്ങൾ, സ്ത്രീധന സംബന്ധമായ വിഷയങ്ങൾ, ശാരീരികവും മാനസികവുമായ പീഡനങ്ങൾ, കൗമാരക്കാരായ കുട്ടികൾ അനുഭവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ, കുടുംബനാഥന്മാർ ജയിലിലായ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, കുട്ടികളുടെ നിർബ്ബന്ധിത തൊഴിൽ തുടങ്ങി ഏതു പ്രശ്നങ്ങളക്കും ഈ കേന്ദ്രം സൗജന്യമായി നിയമസഹായം നൽകും..

തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലാണ് നിയമ സഹായം നൽകുക. അതോടൊപ്പം ഗാർഹിക വിഷയങ്ങളിലുള്ള പരാതികൾ തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ പരാതികൾ നൽകുന്നതിനും കേന്ദ്രം സഹായിക്കും.

അഡ്വ. ലിസി സിബിച്ചനാണ് സൗജന്യ നിയമ സഹായം നൽകുക. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിയമസഹായ കേന്ദ്രം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെയാണ് പ്രവർത്തിക്കുന്നത്



ആധാരം എഴുത്ത് അസോസിയേഷന്റെ തൊടുപുഴ യൂണിറ്റ് സമ്മേളനം തൊടുപുഴ എൻഎസ്എസ് ആഡിറ്റോറിയത്തിൽ ടൗൺ സഹകരണ ബാങ്ക് പ്രസിഡന്റ് കെ ദീപക് ഉദ്ഘാടനം ചെയ്യുന്നു

## ദേശീയ ഗാനത്തെ ഉന്നത ഉദ്യോഗസ്ഥൻ 'പാടി' അവഹേളിച്ചു

തൊടുപുഴ: രണ്ടു മന്ത്രിമാർ പങ്കെടുത്ത സർക്കാർ പരിപാടിയിൽ ജില്ലാ കലക്ടറുടെ സാന്നിധ്യത്തിൽ ഉന്നത റവന്യു ഉദ്യോഗസ്ഥൻ ദേശീയ ഗാനം പാടി അലങ്കോലപ്പെടുത്തി. മിനി സിവിൽ സ്റ്റേഷൻ രണ്ടാം ഘട്ടത്തിന്റെ ഉദ്ഘാടന ചടങ്ങിലാണ് ദേശീയ ഗാനത്തെ പരിപാടിയുടെ മുഖ്യസംഘാടകനായ ഉദ്യോഗസ്ഥൻ അവഹേളിച്ചത്. ഇതിനെതിരെ സർവീസ് മേഖലയിലേത് അടക്കമുള്ള വിവിധ സംഘടനകൾ ജില്ലാ കലക്ടർക്കും പോലീസിലും പരാതി നൽകി.

പൊതുമരാമത്ത് മന്ത്രി വി.കെ ഇബ്രാഹികുഞ്ഞ്, ജലവിഭവ മന്ത്രി പി.ജെ ജോസഫ്, പി.ടി തോമസ് എം.പി റോഷി അഗസ്റ്റിൻ എം.എൽ.എ എന്നിവർ ചടങ്ങിൽ പങ്കെടുത്തിരുന്നു. ഉദ്ഘാടനം കഴിഞ്ഞയുടൻ ഇവർ വേദി വിട്ടെങ്കിലും ജില്ലാ കലക്ടറും സബ് കലക്ടറും അടക്കമുള്ള ഉന്നതർ വേദിയിലുണ്ടായിരുന്നു. യോഗത്തിൽ നന്ദി പറഞ്ഞ ഉയർന്ന ഉദ്യോഗസ്ഥൻ ഇതിന് ശേഷം പൊടുന്നനേ ജനഗണമന ആലപിക്കുകയായിരുന്നു. ആദ്യന്തം തെറ്റുകൾ നിറഞ്ഞ ദേശീയ ഗാനം കേട്ട് സദസും വേദിയും അമ്പരന്നു. പാടികഴിഞ്ഞിട്ടും തെറ്റിനെക്കുറിച്ച് ഉദ്യോഗസ്ഥൻ മനസിലാക്കിയുമില്ല.

വേദിയിലുണ്ടായിരുന്ന മുനിസിപ്പൽ കൗൺസിലർ ഇതേക്കുറിച്ച് അപ്പോൾ തന്നെ കലക്ടറോട് പരാതി പറഞ്ഞു. ചടങ്ങിൽ പ്രാർഥനാ ഗാനം സ്കൂൾ കുട്ടികളാണ് ആലപിച്ചത്. ചടങ്ങു വൈകിയതിനാൽ ഇവർ സ്ഥലം വിട്ടതോടെയാണ് ദേശീയ ഗാനം പാടാനുള്ള ദൗത്യം ഉന്നത ഉദ്യോഗസ്ഥൻ സ്വയം ഏറ്റെടുത്തത്. പൊതു ചടങ്ങിൽ ദേശീയ ഗാനത്തെ ഉന്നത ഉദ്യോഗസ്ഥൻ അവഹേളിച്ചതിനെക്കുറിച്ച് സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## തൂക്കുപാലം പുനസ്ഥാപിക്കണം

ചിറ്റൂർ: തകർന്ന മഠത്തുംകാവ് - മടക്കത്താനം തൂക്കുപാലം പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഷെഹൻഷാ ക്ലബ് പ്രക്ഷോഭം ആരംഭിക്കുന്നു. വിദ്യാർഥികൾ ഉൾപ്പെടെ നൂറുകണക്കിനാളുകൾ സഞ്ചരിക്കുന്ന തൂക്കുപാലം തകർന്നിട്ട് അധികൃതർ ഇതുവരെ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചാണ് സമരം ആരംഭിക്കുന്നതെന്ന് ക്ലബ് പ്രസിഡന്റ് തോമസ് ജോൺ, എൻ.വി.സിബി, അൻവർ ഹുസൈൻ എന്നിവർ അറിയിച്ചു.

## ജില്ലാ സഹകരണ ബാങ്ക് കസ്റ്റമേഴ്സ് മീറ്റ് നടത്തി

തൊടുപുഴ: നാല്പതു വർഷം പ്രവർത്തനം പൂർത്തിയാക്കിയ ജില്ലാ സഹകരണബാങ്ക് കസ്റ്റമേഴ്സ് മീറ്റ് നടത്തി. ജില്ലാ ബാങ്ക് പ്രസിഡന്റ് അഡ്വ. ഇ.എം.ആഗസ്തി അധ്യക്ഷത വഹിച്ചു. നഗരസഭാ ചെയർമാൻ ടി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്തു. ജനറൽ മാനേജർ എ.ആർ. രാജേഷ്, കെ.സുരേഷ് ബാബു, അഡ്വ.ജോ ജോസ്, തോമസ് മാത്യു കക്കൂഴി, ടോമി കാവാലം, പി.കെ. അന്നക്കുട്ടി എന്നിവർ പ്രസംഗിച്ചു. വൈസ്പ്രസിഡന്റ് ജോൺ നെടിയപാല സ്വാഗതവും സീനിയർ മാനേജർ എം.കെ. സുരേന്ദ്രൻ നന്ദിയും പറഞ്ഞു.



ദുബായ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇടുക്കി വെൽഫെയർ അസോസിയേഷന്റെ ഈ വർഷത്തെ മാധ്യമ പുരസ്കാരം സൂര്യാ ടിവി ഇടുക്കി റിപ്പോർട്ടർ വി എസ് ഹൈദർ അലി ഏറ്റുവാങ്ങുന്നു



ഇടവെട്ടി റസിഡൻസ് അസോസിയേഷന്റെ ഉദ്ഘാടനം മന്ത്രി പി ജെ ജോസഫ് നിർവ്വഹിക്കുന്നു

## ഗ്രാമചരിത്രങ്ങളിലൂടെ ഒരു യാത്ര.. - അറക്കുളം

### മുപ്പത്തിനാലാം ഭാഗം



വി എസ് അബ്ബാസ്
ലേഖകൻ 9447067701

ഹരിതാഭവും നയനമനോഹരവുമായ മലകളാൽ ചുറ്റപ്പെട്ട ഗ്രാമമാണ് അറക്കുളവും പ്രദേശങ്ങളും. വിനോദ സഞ്ചാരികളുടെ സ്വർഗ്ഗഭൂമിയാണ്. ദേശീയവും അന്തർദേശീയവുമായ പ്രസക്തി ഈ പ്രദേശത്തിനുണ്ട്. തൊടുപുഴ- പുളിയൻമല സംസ്ഥാന ഹൈവേ അറക്കുളത്തിന്റെ ഹൃദയഭാഗത്ത് കൂടി കടന്നുപോകുന്നു. ഇടുക്കി പദ്ധതിയുടെ പ്രവേശന കവാടമാണ് അറക്കുളം.

ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ മൂലമറ്റത്തുള്ള ഭൂഗർഭ പവർഹൗസ് അറക്കുളം പഞ്ചായത്തിന്റെ മധ്യഭാഗത്തായി വരും. ഇടത്തരം കർഷകർക്ക് ഭൂരിപക്ഷമുള്ളതാണ് ഈ പ്രദേശം. പ്രത്യേകിച്ച് നാണ്യവിള കൃഷി ചെയ്യുന്നവർ. ചരിത്രവും രാഷ്ട്രീയവും സംസ്കാരവും ഇവിടെ കെട്ടിപിണഞ്ഞ് കിടക്കുന്നു. പത്താം നൂറ്റാണ്ടിൽ തൊടുപുഴ ആസ്ഥാനമാക്കിയുള്ള കീഴ്മലൈ നാടിന്റെ ഭാഗമായിരുന്നു അറക്കുളം പ്രദേശം. എന്നാൽ പതിനൊന്നാം നൂറ്റാണ്ടിൽ ഈ രാജ്യം വടക്കുംകൂറിൽ ലയിച്ചു. പതിനേഴാം ശതകത്തിൽ വടക്കുംകൂർ രാജ്യം മാർത്താണ്ഡവർമ്മ തിരുവിതാംകൂറിൽ ലയിപ്പിച്ചതോടെ ഈ പ്രദേശത്തുകാർ തിരുവിതാംകൂർ രാജ്യത്തിലെ ശബരിമല ധർമ്മ ശാസ്താവിന്റെ പതിനെട്ട് മലകളിൽ അറക്കുളം സമതലത്തിന്റെ ചുറ്റിലുമായി കിടക്കുന്ന മലകളും കൂടി ഉൾപ്പെടും. പതിനെട്ട് പടികൾ പതിനെട്ട് മലകളെ പ്രതിനിധീകരിക്കുന്നുവത്രേ. പി കെ വേലുപ്പിള്ളയുടെ തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ രണ്ടാം വാല്യം പേജ്- 186 പ്രകാരം പന്തളം രാജാവിന്റെ ആധിപത്യത്തിലും വരുമാനത്തിലും അറക്കുളം പ്രദേശം കൂടി ഉൾപ്പെടുന്നുണ്ട്. പന്തളം രാജാവിന്റെ വേനൽക്കാല വസതി മൂലമറ്റത്തുള്ള തേക്കിൻകൂപ്പ് പ്രദേശത്ത് ഉണ്ടായിരുന്നു. തിരുവിതാംകൂറിലേക്കുള്ള യുദ്ധക്കടം അടയ്ക്കുവാൻ പന്തളം രാജാവ് അറക്കുളം പ്രദേശങ്ങളും മലകളും മലഞ്ചെരിവുകളും അംഗശുങ്കങ്ങളും (ആദായങ്ങളും) പൊലിക്കടങ്ങളും ( സംഭാവനകളും) ശബരിമലയിലെ നടവരവും ഉൾപ്പെടെ നാരായണൻ കാളിയൻ എന്ന നായർ പ്രഭുവിന് രണ്ട് ലക്ഷത്തി ഇരുപതിനായിരത്തിയൊന്ന് രൂപയ്ക്ക് പണയപ്പെടുത്തി. ഈ രേഖ പന്തളം അടിമാന ഓലക്കരുണം എന്ന് അറിയപ്പെടുന്നു. കരം തിരിച്ച് അടയ്ക്കാൻ കഴിയാതെ വന്നപ്പോൾ പ്രസ്തുത പ്രദേശങ്ങൾ വേലുത്തമ്പിയുടെ കാലത്ത് തിരുവിതാംകൂറിനോട് ചേർത്തു. ദേശോൽപ്പത്തിയെക്കുറിച്ച് ഐതീഹ്യങ്ങൾ പലതുണ്ട്. അടർക്കളം ലോപിചത്തത്ര അറക്കുളം. ധർമ്മ ശാസ്താ ക്ഷേത്ര പരിസരത്ത് നാട്ടുരാജാക്കാൻമാർ ഏറ്റുമുട്ടി. അടർ (യുദ്ധം) ഉണ്ടായി. അടർ ഉണ്ടായ സ്ഥലം അടർക്കളവും കാലക്രമത്തിൽ ലോപിച്ച് അറക്കുളവുമായി. ആറ് വലിയ കുളങ്ങൾ ഉള്ള പ്രദേശം അറക്കുളമായിയെന്ന് മറ്റൊരു അഭിപ്രായം. അറക്കുളം ക്ഷേത്ര സമീപം തന്നെ നാല് കുളങ്ങൾ അടുത്തകാലം വരെയുണ്ടായിരുന്നു. അവശിഷ്ടങ്ങൾ ഇപ്പോഴും കാണാൻ കഴിയും. അതിപുരാതനമായ ഒരു ജനവാസ കേന്ദ്രമായിരുന്നു ഇവിടം. ഇപ്പോഴത്തെ അശോക കവല തുമ്പന്നൂർ എന്ന് അറിയപ്പെട്ടിരുന്നു. മുനിയറയുടെ അവശിഷ്ടങ്ങൾ സമീപ കാലം വരെ അവിടെ കാണാമായിരുന്നു. ശിവക്ഷേത്രത്തിലെ വിഗ്രഹം ഇവിടെ നിന്നും കിട്ടിയതാണ്. ഇപ്രകാരം മുനിയറയുടെ അറയും കുളവുമുള്ള പ്രദേശത്തിന് അറക്കുളം എന്ന പേരുണ്ടായിയെന്നും പറയപ്പെടുന്നു. ഈ അഭിപ്രായം യുക്തസഹമായി തോന്നുന്നു. ഏതാണ്ട് നൂറോളം വർഷങ്ങൾക്ക് മുമ്പ് ഇവിടെ വസിച്ചിരുന്നവർ ദ്രാവിഡ വർഗ്ഗത്തിൽ പെട്ട (പട്ടിക വർഗ്ഗ വിഭാഗം) ആര്യൻമാർ എന്നറിയപ്പെട്ടിരുന്ന അരയൻമാരായിരുന്നുവെന്നും ഐതീഹ്യമുണ്ട്. ഇവർ പൂച്ചപ്ര-കോഴിപ്ര കരിപ്പലങ്ങാട്, എടാട്, പുത്തേട്, കൂവപ്പിള്ളി, പന്തപ്ലാവ്, മുതലായ മലഞ്ചെരിവുകളിൽ താമസിച്ചിരുന്നു.

9447203653

City Cotton House
Gents, Ladies & Kids Wear
Nedumpurath Towers
Idukki Road, Thodupuzha

തൊടുപുഴ ടൗൺ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഐ- 233
തൊടുപുഴ പി.ഒ - 685 584
ഫോൺ : 04862 –224924, 226724
ബ്രാഞ്ച് വെങ്ങല്ലൂർ
ഫോൺ : 04862 - 201924, 209524

തുടർച്ചയായി 25 % ലാഭവിഹിതം കൊടുത്തു വരുന്ന ഇടുക്കി ജില്ലയിലെ ഏക സ്പെഷ്യൽ ഗ്രേഡ് സർവ്വീസ് സഹകരണ ബാങ്ക്

ഹെഡ്ഓഫീസിലും ബ്രാഞ്ചിലും ലോക്കർ സൗകര്യം

ഐസിയു ആംബുലൻസ് 24 മണിക്കൂറും ലഭ്യമാണ്

ഫോൺ : 86061404000, 9400424000

കെ. ദീപക്
പ്രസിഡന്റ്
Mob: 9447123467

ആന്റണി ജോസഫ്
സെക്രട്ടറി
9447705085

























RNI. No. KERMAL 32852, Printed by K.R. Ratheesh, Published by K.R. Ratheesh, On behalf of or Owned by K.K. Ravi Printed at Ahalya Printers (on behalf of Ravi Printers Kottyam) and published at VI/139, Kulathinkal Bldgs, Purapuzha P.O., Thodupuzha, Idukki Dist - 685 583, Editor: K.R. Ratheesh ( Editor Responsible for news selection of news under PRB Act) Ph:04862- 274497, 9747963157 **Head Office: Opp. Idukki Press Club, Muvattupuzha Road, THODUPUZHA**
**Email : gramajyothitdpa@gmail.com Daily Online Edition : www.gramajyothi.com**